# സെന്റ്മേരീസ് എച്ച്. എസ് ഫോർ ഗേൾസ്

## കായംകുളം



# വിദ്യാലയ വികസന പദ്ധതി



**2025 - 26**

# സ്കൂൾ വിവരങ്ങൾ.

| | |
|---|---|
| • റവന്യൂ ജില്ല | ആലപ്പുഴ. |
| • സ്കൂൾ കോഡ് | 36046 |
| • സ്കൂളിന്റെ പേര് | സെന്റ്. മേരീസ് ഗേൾസ് ഹൈസ്കൂൾ, കായംകുളം |
| • മേൽവിലാസം | സെന്റ്. മേരീസ് ഗേൾസ് ഹൈസ്കൂൾ, കായംകുളം |
| • പിൻകോഡ് | 690502 |
| • ഹെഡ്മിസ്ട്രസ് | Rev. സിസ്റ്റർ. സിജിമോൾ. ഫ. |
| • ഫോൺ നമ്പർ | 0479-2446601 |
| • ഇ. മെയിൽ അഡ്രസ് | www. stmarysghskylm@gmail. com |
| • ഗ്രാമ പഞ്ചായത്ത്/മുനിസിപ്പാലിറ്റി | കായംകുളം മുനിസിപ്പാലിറ്റി. |
| • സബ് ജില്ല. | കായംകുളം |
| • വിദ്യാഭ്യാസ ജില്ല. | മാവേലിക്കര |
| • ക്ലാസുകൾ | 5 മുതൽ 10 വരെ |
| • മാനേജ്മെന്റ് | MSC സ്കൂൾ മാനേജ്മെന്റ്. |
| • പഠന മാധ്യമം | ഇംഗ്ലീഷ്, മലയാളം. |

## ആമുഖം.

കാർഷികപെരുമയ്ക്ക് പേരുകേട്ട ഓണാട്ടുകരയുടെ തലസ്ഥാനമായി അറിയപ്പെട്ടിരുന്ന വാണിജ്യകേന്ദ്രമായിരുന്ന കായംകുളം. ഇതിന്റെ ഹൃദയഭാഗത്ത് ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് അക്ഷരദീപം പകർന്നു നൽകി, 75 വർഷമായി തലയെടുപ്പോടെ നിലനിൽക്കുന്ന സരസ്വതിക്ഷേത്രമാണ് ഈ വിദ്യാലയം. കലാകായിക സാംസ്കാരിക മേഖലകളിൽ അനേകം സംഭാവനകൾ നൽകിക്കൊണ്ട് വിജ്ഞാനവിഹായസ്സിൽ ചിറക് വിരിച്ച് പറന്നുയർന്നു കൊണ്ടിരിക്കുന്നു

ഭൗതികവും, അക്കാദമികവും, സാമൂഹികവുമായ മേഖലകളിൽ വിദ്യാലയ വികസനം സാധ്യമാക്കുന്നതിന് സഹായകരമായ പ്രവർത്തനങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

ഗുണമേന്മയുള്ള വിദ്യാഭ്യാസത്തിലൂടെ കുട്ടികളുടെ അവകാശം സാധ്യമാക്കി, വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള അധ്യാപക പി.ടി.എ, എം.പി.ടി.എ എന്നിവയിലൂടെ കൂട്ടായ പരിശ്രമത്തിലൂടെ ഉരുത്തിരിഞ്ഞ ആശയങ്ങളാണ് ഈ പദ്ധതിയുടെ ലക്ഷ്യത്തിനടിസ്ഥാനം.

## പൊതുവായ ലക്ഷ്യങ്ങൾ

1. ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യ-പദ്ധതിക്കനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി പൂർത്തിയാക്കാനുള്ള പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
2. 5 മുതൽ 10 വരെയുള്ള എല്ലാ കുട്ടികൾക്കും മലയാളം, ഹിന്ദി, ഇംഗ്ലീഷ് ഭാഷ അനായാസം ആശയവിനിമയം ചെയ്യാനുള്ള പ്രാപ്തി നേടൽ
3. 5 മുതൽ 10 വരെയുള്ള എല്ലാ കുട്ടികളും വിദ്യാഭ്യാസം പൂർത്തിയാകുമ്പോഴേക്കും തെറ്റ് കൂടാതെ എഴുതാനും വായിക്കാനും പ്രാപ്തി നേടൽ.
4. അക്കാദമിക പ്രവർത്തനങ്ങളിൽ, ഉൾച്ചേരൽ വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക.
5. ട്രാഫിക് നിയമങ്ങളെക്കുറിച്ചുള്ള അറിവ് കുട്ടികളിൽ രൂപപ്പെടുത്തുന്നതിന്.
6. ജീവിതത്തിൽ വ്യക്തിശുചിത്വത്തിനുള്ള പ്രാധാന്യം കുട്ടികളിൽ വളർത്തുന്നതിന്.
7. ആരോഗ്യകരമായ ജീവിതം നയിക്കുന്നതിന് വ്യായാമത്തിനുള്ള പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നതിന്.
8. വിവരസാങ്കേതിക വിദ്യയുടെ സുരക്ഷിതമായ ഉപയോഗത്തെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുന്നതിന്.
9. പൊതുമുതൽ സംരക്ഷണത്തിന്റെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നതിന്.

10 കുട്ടികളെ വൈകാരിക നിയന്ത്രണത്തിന് പ്രാപ്തരാക്കൽ

11. ഹരിതവിദ്യാലയ പദവി നിലനിർത്തുന്നതിനുതകുന്ന പ്രവർത്തനങ്ങൾ.

12. ലഹരിവിമുക്ത വിദ്യാലയം സാക്ഷാത്കരിക്കുക.

13. കാലഘട്ടത്തെ അതിജീവിക്കാൻ കുട്ടികളെ സജ്ജരാക്കുക.

14. ശാസ്ത്രരംഗത്തെ പുതിയ മാനങ്ങൾ കണ്ടെത്തുവാനുള്ള പ്രാപ്തി നേടുക.

15 ഗണിതവുമായി ബന്ധപ്പെട്ട വസ്തുതകൾ പ്രായോഗിക ജീവിതത്തിൽ ഉപയോഗിക്കാനുള്ള കഴിവ് നേടൽ

16. പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹിക്കുന്നവരുമായ കുട്ടികളുടെ അക്കാദമികനിലവാരം വർധിപ്പിക്കൽ

17 അധ്യാപനവും, അധ്യയനവും സർഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## സ്കൂൾ ചരിത്രം

മദ്ധ്യതിരുവതാംകൂറിലെ ഏറ്റവും പാരമ്പര്യമുള്ള സരസ്വതി ക്ഷേത്രമാണ് കായംകുളം സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂൾ. 1915 ലാണ് ശ്രീ. എൻ.പി നായരുടെ ഉടമസ്ഥതയിലായിരുന്ന 'കാട്ടിൽ പള്ളിക്കൂടം' എന്നറിയപ്പെടുന്ന ഈ വിദ്യാലയം കാലം ചെയ്ത ദൈവദാസൻ ആർച്ച് ബിഷപ് മാർ ഈവാനിയോസ് തിരുമേനി ഏറ്റെടുത്ത്, സെന്റ് മേരീസ് ഗേൾസ് സ്കൂൾ എന്ന് പുനർനാമകരണം ചെയ്ത് പ്രവർത്തനം ആരംഭിച്ചത്.

മദ്ധ്യതിരുവതാംകൂറിന്റെ വാണിജ്യ തലസ്ഥാനമായിരുന്ന കായംകുളം പട്ടണത്തിന്റെ ചരിത്രം ഒരർത്ഥത്തിൽ സെന്റ് മേരീസ് സ്കൂളിന്റെ കൂടി ചരിത്രമാണ്. തിരുവതാംകൂറിലെ പ്രധാനപ്പെട്ട പല പ്രദേശങ്ങളും വിദ്യാഭ്യാസപരമായി പിന്നാക്കം നിന്നിരുന്ന ഒരു കാലത്ത്, കായംകുളത്തെ കുട്ടികൾക്ക് മെച്ചപ്പെട്ട സൗകര്യം ഒരുക്കിക്കൊടുത്തുകൊണ്ട് ഈ നാടിനെ വികസനത്തിന്റെയും സംസ്കാരത്തിന്റെയും, വിജ്ഞാനത്തിന്റെയും വിഹായസിലേക്ക് കൈ പിടിച്ചുയർത്തിയത് ഈ വിദ്യാലയമുത്തശ്ശിയായിരുന്നു.

ഭാരതീയ വനിതകൾക്ക് കാലത്തിന്റെ മാറ്റങ്ങളെ ഉൾക്കൊണ്ട് പുരോഗമിക്കുവാനും, സമൂഹത്തിൽ ഉന്നതി കൈവരിക്കുവാനും വിദ്യാഭ്യാസ പുരോഗതിയിലൂടെ മാത്രമേ സാധിക്കൂ എന്ന് മനസ്സിലാക്കിയ ക്രാന്തദർശിയായ അഭിവന്ദ്യ മാർ ഈവാനിയോസ് തിരുമേനിയാണ് ഈ സ്കൂളിന്റെ ആവിഷ്കർത്താവ്. ആ ധന്യാത്മാവിന്റെ തപസ്സും, ആത്മാർത്ഥമായ അനുഗ്രഹവും ഈ

വിദ്യാലയത്തിന്റെ ഇതുവരെയുള്ള വളർച്ചയുടെ പാതയിൽ അനുഭവസാക്ഷ്യമാണ്.

സ്കൂളിന്റെ പുരോഗതി ലക്ഷ്യമാക്കി തിരുമേനി ബഥനി സിസ്റ്റേഴ്സിനെ ഇതിന്റെ ചുമതല ഏൽപ്പിച്ചു. കർമ്മോത്സുകരായ മദർ ദനഹ, മദർ മാർസാ, മദർ സെഹാ, സിസ്റ്റർ തെബിയൂസ് മുതലായവരുടെ ത്യാഗോജ്ജ്വലവും, വീരോചിതവുമായ അധ്വാനത്തിന്റെ ഫലമായി പ്രാരംഭത്തിലുള്ള ബാലാരിഷ്ടതകൾ തരണം ചെയ്തു മുന്നേറുവാൻ കഴിഞ്ഞു. തുടർന്ന് 1953ൽ ഇത് ഹൈസ്കൂളായി ഉയർത്തപ്പെട്ടു. സാവധാനത്തിലും സുനിശ്ചിതമായ രീതിയിൽ ചുവടുവെച്ചുകൊണ്ടും നല്ലവരായ നാട്ടുകാരുടെ സഹകരണങ്ങൾ കൊണ്ടും ഈ വിദ്യാലയത്തെ ഇന്നു കാണുന്ന പുരോഗതിയിലേക്കും ഔന്നത്യത്തിലേക്കും വളർത്തിക്കൊണ്ടുവരുവാൻ സാധിച്ചു.

പിന്നിട്ട കാലത്തെയൊന്നു കണ്ണോടിച്ചാൽ ഈ വിദ്യാലയം കൈവരിച്ച നേട്ടങ്ങൾ എണ്ണിത്തീർക്കുവാനാവാത്തതാണ്. വിദ്യാഭ്യാസത്തിന്റെ ഉന്നതമേഖലയിലെന്നപോലെ കലാ-കായിക-സാമൂഹിക-സാംസ്കാരിക മേഖലകളിലും നൂറുകണക്കിന് പ്രതിഭാശാലികളെ സംഭാവന ചെയ്യുവാൻ ഈ സ്ഥാപനത്തിന് സാധിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ നിലവാരത്തിലെ ഔന്നത്യം നിരന്തരമായി കാത്തു സൂക്ഷിച്ചുകൊണ്ട് പലപ്പോഴും എസ്. എസ്. എൽ.സി.ക്ക് നൂറു ശതമാനം വിജയം കൈവരിക്കുവാൻ ഈ സ്കൂളിന് സാധിച്ചിട്ടുണ്ട്. അതോടൊപ്പം സ്വഭാവമഹിമയും, അച്ചടക്കവും, ജീവിതമൂല്യങ്ങളും കുട്ടികളിലേക്ക് പകർന്നുകൊടുക്കുന്നതിലും

ഈ വിദ്യാലയം എന്നും ആഗ്രഹിച്ചിട്ടുണ്ട് കേവലം ഒരു വിദ്യാലയം എന്നതിലുപരിയായി കായംകുളം പട്ടണത്തിലും പരിസരങ്ങളിലുമുള്ള നിരാശ്രയരായ ഒട്ടനവധി ആളുകളി-ലേക്ക് കാരുണ്യത്തിന്റെ കരം നീട്ടുവാനും ഈ സ്ഥാപനം ഒട്ടും മടി കാണിച്ചിട്ടില്ല. കായംകുളം നഗരസഭയുമായി ബന്ധപ്പെട്ട നിരവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ പ്രശംസനീയമായ പങ്കാളിത്തം വഹിക്കുവാനും ഈ പട്ടണ-ത്തിലെ കലാ-സാംസ്കാരിക സംരംഭങ്ങൾക്കു വേണ്ട സൗകര്യങ്ങ-ളൊരുക്കി കൊടുത്തുകൊണ്ട് കായംകുളത്തിന്റെ അവിഭാജ്യ-ഘടകമായി മാറുവാനും സാധിച്ചിട്ടുള്ളത് ഈ വിദ്യാലയത്തിന് അഭിമാനകരമായ ഒരു നേട്ടമാണ്.

ഇന്ന് ഈ സ്കൂൾ ഒരു പരിവർത്ത-നത്തിന്റെ മുഹൂർത്തത്തിലൂടെ കടന്നു പോകുമ്പോൾ, നാല് വർഷങ്ങളായി ഇതിനെ കൈപിടിച്ചു നടത്തുന്നത് ഹെഡ്മിസ്-ട്രസ് ആയ റെവറന്റ് സിസ്റ്റർ ദീപ്തിയാണ്. ഹൈ-ടെക് തലത്തിലേക്കുയരുന്ന ഈ വിദ്യാലയത്തിൽ റെവ. സിസ്റ്ററിന്റെ നേതൃത്വത്തിൽ 53 അദ്ധ്യാപകരും 5 ഓഫീസ് ജീവനക്കാരും സേവനം അനുഷ്ഠിക്കുന്നു. യു.പി, എച്ച്. എസ് എന്നീ വിഭാഗങ്ങളിലായി 2025-26 വർഷത്തിൽ 1434 കുട്ടികൾ ഇവിടെ അദ്ധ്യയനം നടത്തുന്നു. കൂടാതെ അൺ എയ്ഡഡ് മേഖലയിലായി നേഴ്സറി, എൽ. പി, എച്ച്. എസ്. എസ് എന്നീ വിഭാഗങ്ങളും പ്രവർത്തിക്കുന്നുണ്ട്

ഈ ധരണിയും പ്രകൃതിയും, മനുഷ്യനും ഒന്ന് ചേർന്ന് പ്രപഞ്ചത്തെ ഐശ്വര്യപൂർണ്ണമാക്കുന്നതു പോലെ ഇവിടുത്തെ രക്ഷകർത്താക്കളും, കുട്ടികളും അദ്ധ്യാപകരും ചേർന്ന് ഈ വിദ്യാലയത്തെ ഐശ്വര്യപൂർണ്ണ

-വരുന്നു. സെന്റ് തെരിസ് കുടുംബത്തിലെ അംഗങ്ങൾ തന്നെയായ പി.റ്റി.എ, എം.പി.റ്റി.എ ചേർന്ന് ഈ സ്കൂളിനെ പുരോഗതിയിലേക്ക് നയിക്കുന്നതിൽ ഒരു പ്രധാന പങ്കു വഹിക്കുന്നു. എന്നതും അഭിമാനകരമായ ഒരു വസ്തുതയാണ്.

ലോകൈക ഗുരുവായ യേശുവിന്റെ അമ്മ പരിശുദ്ധ കന്യകമറിയത്തിന്റെ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന ഈ വിദ്യാലയം അഭിമാനത്തിന്റെയും, കുലീനതയുടെയും പ്രതീകമായി മാറിയിട്ടുണ്ടെങ്കിൽ അതിനു കാരണം മൂല്യാധിഷ്ഠിതമായ ഒരു അദ്ധ്യയന അന്തരീക്ഷം ഇവിടെ കാത്തുസൂക്ഷിക്കുവാൻ കഴിഞ്ഞു എന്നുള്ളതാണ്

## സ്കൂൾ കൈവരിച്ച അക്കാദമിക മികവുകൾ

1. 2024-25 അധ്യയന വർഷത്തിലെ SSLC പരീക്ഷയിൽ 55 full A+, 24, 9A+, 21-8A+ നേടി മികവാർന്ന വിജയം നമ്മുടെ സ്കൂൾ കരസ്ഥമാക്കി.
2. USS Scholarship ന് ഏറ്റവും കൂടുതൽ കുട്ടികൾ അർഹരാവുകയും, കായംകുളം ഉപജില്ലയിൽ ഒന്നാം-സ്ഥാനവും ആലപ്പുഴ ജില്ലയിൽ 2ാം സ്ഥാനവും കരസ്ഥമാക്കി.
3. 2024-25 കായംകുളം ഉപജില്ലാ സ്കൂൾ കലോത്സവത്തിന് UP, HS വിഭാഗങ്ങളിൽ overall ഒന്നാംസ്ഥാനം കരസ്ഥമാക്കി. സംസ്ഥാന തലത്തിൽ മാർഗംകളി, ചവിട്ടുനാടകം എന്നിവയ്ക്ക് A grade ഉം, Violin (western) ന് B grade ഉം കരസ്ഥമാക്കി.
4. കലാ-കായിക, ശാസ്ത്രമേളകളിൽ എല്ലാ വർഷവും കുട്ടികൾ പങ്കെടുക്കുകയും തിളക്കമാർന്നവിജയവും ഗ്രേസ് മാർക്കും കരസ്ഥമാക്കുകയും ചെയ്യുന്നു.
5. കുട്ടികളുടെ സർഗപരവും, ഭാഷാപരവും, ഗണിതപരവും, ശാസ്ത്രപരവുമായ അന്വേഷണത്തിനും, വികാസത്തിനും ഉതകുന്ന തരത്തിൽ സജ്ജമാക്കിയിട്ടുള്ള സ്കൂൾ ലൈബ്രറി ഇവിടെയുണ്ട്
6. സുരക്ഷിതമായ ക്യാമ്പസും പരിസരവും ഈ സ്കൂളിനുണ്ട് അതിന്റെ ഭാഗമായുള്ള ചുറ്റുമതിലും, പ്രധാന കവാടങ്ങളിൽ പ്രവേശന നിയന്ത്രണവും, സി.സി.ടി.വി ക്യാമറ, സന്ദർശന രജിസ്റ്റർ, സുരക്ഷാസംവിധാനങ്ങൾ എന്നിവ ഈ സ്കൂളിനുണ്ട്

(7) ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിഗണനയും കരുതലും നൽകുന്നു.

(8) സമൂഹത്തിലെ നിർധനരായ സഹോദരങ്ങളെ സഹായിക്കുന്നതിന്റെ, ഭാഗമായി നല്ലപാഠം ക്ലബ്ബുമായി ചേർന്ന് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു

(9) വിഷവിമുക്ത പച്ചക്കറിത്തോട്ടവും, ഔഷധ ഉദ്യാനവും ഈ സ്കൂളിന്റെ പ്രത്യേകതയാണ്.

(10) അധ്യാപകരുടെയും, അനധ്യാപകരുടെയും കൂട്ടായ പ്രവർത്തനവും, സേവനവും, സമർപ്പണവും ഈ സ്കൂളിന്റെ പ്രവർത്തനങ്ങളെ സുഗമമാക്കുന്നു

(11) പെൺ സൗഹൃദ വിദ്യാലയ അന്തരീക്ഷം പൂർണ്ണമായി ഒരുക്കിയെടുക്കുന്നു.

(12) ലഹരിവിമുക്ത വിദ്യാലയം എന്ന സ്വപ്നസാക്ഷാത്കാരത്തിനു ഈ വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു

## പരിമിതികൾ

സാമൂഹിക ശാസ്ത്ര, ഗണിതം എന്നിവയ്ക്ക് പ്രത്യേക ലാബ് സൗകര്യമില്ല. കുട്ടികൾക്ക് താത്പര്യമുള്ള ഉപകരണ സംഗീതം, നൃത്തം തുടങ്ങിയ കലാപഠനം സാധ്യമാക്കുന്നതിന് ആവശ്യമായ അധ്യാപകരില്ല. UP - IT പരിശീലനത്തിന് ആവശ്യമായ കമ്പ്യൂട്ടറുകൾ പരിമിതമാണ്.

# അക്കാദമിക മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ.

## 2025 - 26:

- ഭാഷാശേഷി വികസനം
- ഗണിതശേഷി വികസനം
- വായനാശേഷി വർദ്ധിപ്പിക്കൽ
- ശാസ്ത്ര പോഷണ പരിപാടി
- ലബോറട്ടറി നവീകരണം
- ലൈബ്രറി ശാക്തീകരണം.
- സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
- പഠനയാത്രകൾ
- അധ്യാപക ശാക്തീകരണം
- സ്കൂൾ പ്രവൃത്തിപരിചയ പരിശീലനം
- പച്ചക്കറിത്തോട്ടം
- ശില്പശാലകൾ
- നാസിങ്ങൽ ക്യാമ്പുകൾ
- ദിനാചരണങ്ങൾ.
- ഗവേഷണാത്മക പഠനം
- വിലയിരുത്തൽ കാര്യക്ഷമമാക്കൽ
- I.T പഠനം കാര്യക്ഷമമാക്കൽ
- ജന്മദിന പുസ്തകം
- ചിത്രരചനാ ക്യാമ്പുകൾ
- ക്ലാസ് PTA
- ഔഷധത്തോട്ട നിർമ്മാണം.

## അക്കാദമികേതര പ്രവർത്തനങ്ങൾ: 2025 - 26'

- ബാസ്ക്കറ്റ് ബോൾ പരിശീലനം.
- കബഡി പരിശീലനം.
- യോഗ പരിശീലനം
- കരാട്ടെ പരിശീലനം
- സൂംബാ പരിശീലനം
- ഷട്ടിൽ ബോൾ പരിശീലനം
- ചെസ്സ് പരിശീലനം
- ബോൾ ബാഡ്മിന്റൺ പ്രവർത്തനം
- അബാക്കസ് പരിശീലനം.
- ബാന്റ് പരിശീലനം.

# മേഖല - യു.പി തലം - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| 1. ഭാഷാപരമായ അടിസ്ഥാന ശേഷി വികസനം. | • അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് വാക്കുകൾ നിർമിക്കുക.<br>• വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമിക്കുക<br>• വാക്കുകൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ ജൂലൈ ആഗസ്റ്റ് | പുസ്തകങ്ങൾ ചിത്രങ്ങൾ അക്ഷരകാർഡുകൾ |
| 2. വായന പരിപോഷിപ്പിക്കൽ | • പത്രം, ആഴ്ച്ചപ്പതിപ്പുകൾ ഇവ ക്ലാസിൽ വായിപ്പിക്കുന്നു.<br>• ദിവസേനയുള്ള വാർത്താവതരണം.<br>• ലൈബ്രറി പീരിയഡുകൾ പുസ്തകങ്ങൾ വായിക്കുകയും അതിന്റെ ആസ്വാദനം തയ്യാറാക്കുന്നതും പ്രോത്സാഹിപ്പിക്കുന്നു<br>• ക്ലാസ് ഗ്രൂപ്പുകളിൽ കൂടി ഡിജിറ്റൽ വായന പ്രോത്സാഹിപ്പിക്കൽ<br>• ക്ലാസ് വായനക്ലബ്ബ് രൂപീകരിക്കൽ. | 6 മാസം | ലൈബ്രറി<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>ഇന്റർനെറ്റ്. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം |
|---|---|---|---|
| 3. എഴുത്തിൽ പ്രാവീണ്യം നേടുക | • ക്ലാസ് റൂമുകളിൽ എഴുത്തിനെ പ്രോത്സാഹിപ്പിക്കുന്നു.<br>• യാത്രാനുഭവം, കവിത കഥ, അഭിപ്രായക്കുറിപ്പ് ഇവ അവതരിപ്പിക്കുകയും തെറ്റുതിരുത്തി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.<br>• ദിനാചരണങ്ങളോടനുബന്ധിച്ച് കവിത, കഥ ഉപന്യാസം തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>• കുട്ടികളുടെ രചനാവൈഭവം പ്രോത്സാഹിപ്പിക്കുന്നതിന് ക്ലാസ് മാഗസിനുകൾ തയ്യാറാക്കുന്നു. | 6 മാസം. | മാഗസിനുകൾ സാഹിത്യകൃതികൾ ലൈബ്രറി. |
| 4. സാഹിത്യകൃതികളോടുള്ള അഭിരുചി വളർത്തുക | • ലൈബ്രറി പീരിയഡുകൾ അനുയോജ്യമായി വിനിയോഗിച്ച് പാഠഭാഗവുമായി ബന്ധപ്പെട്ടും അല്ലാതെയും മറ്റു കൃതികൾ കണ്ടെത്തി വായിക്കാൻ പ്രോത്സാഹിപ്പിക്കുക.<br>• സാഹിത്യകാരന്മാർ പങ്കെടുക്കുന്ന ദിനാചരണ | | |

| | | | |
|---|---|---|---|
| | സംവദിക്കാൻ അവസരമൊരുക്കുക. | 5 മാസം | ലൈബ്രറി സാഹിത്യകൃതികൾ |
| 5. സർഗശേഷി വികസനം. | • സർഗവേള പീരിയഡുകൾ ക്ലാസ്റൂമുകളിൽ മികവുറ്റ രീതിയിൽ നടത്തുന്നു.<br>• പ്രസംഗ പരിശീലനങ്ങൾ വിവിധ വിഷയങ്ങൾ നൽകി പ്രസംഗങ്ങൾ പരിശീലിപ്പിക്കുന്നു.<br>• പ്രസംഗം മികച്ച രീതിയിൽ അവതരിപ്പിക്കുന്ന കുട്ടികളെ തിരഞ്ഞെടുത്ത് വേദികൾ സജ്ജമാക്കുന്നു.<br>• വ്യത്യസ്ത വ്യവഹാര രൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.<br>• ഫ്രീ പീരിയഡുകൾ മാവിൻ ചോടുകൾ കേന്ദ്രീകരിച്ച് പരിപാടികൾ സംഘടിപ്പിക്കുന്നു | 6 മാസം. | |

# ACADEMIC MASTER PLAN – UP ENGLISH
## 2025 - 2026

| AIM | ACTIVITES | MONTH | RESPONSIBLE PERSON | ECONOMIC SOURCE |
|---|---|---|---|---|
| To encourage Listening and Speaking. Introduce different genres, Enhance Vocabulary, Enhance listening skills. | Interactive storytelling sessions discussing themes, characters and plots to enhance listening skills. Group discussions and role-plays to improve speaking skills. Vocabulary games, build word knowledge. | June | English Teachers. | |
| To encourage reading develop basic reading, writing, listening and speaking skills | Interactive Reading Circles. Divide students into groups Provide texts such as story, Poems and novels. Each group reads the assigned elements (text) and discusses the plot, characters and themes. | | | |
| | Encourage students to take turns reading aloud and share their interpretations. After discussions, they presents the summary. Guided reading sessions with comprehension questions. Listening exercise with audio. Expanding Vocabulary with context clues from Passage. | July | | |
| To develop writing skills. Introduce grammatical concepts such as parts of speech, tense and sentence structure | Improve sentence structure. Practice for simple creative writing tasks like descriptive Paragraphs, short stories and simple poetry. Teach persuasive writing techniques and argumentation | August-December | | |

| | | | | | |
|---|---|---|---|---|---|
| | Preparing, listening, analysing and delivering. | | | | |
| To develop basic grammar rules. focus on sentence structure, punctuation and grammar. | Interactive grammar games, structured grammar lessons, worksheet on grammar exercise. | January - February | | | |
| Introduce different types of writing, narrative, descriptive, persuasive | Integrate language activities to reinforce vocabulary, grammar and language skills in an engaging way. Create their own poems, stories, dictionary etc and present it to the class. | | | | |
| Differentiation and support | Recognize and accommodate the diverse learning needs of students through differentiated instruction including accommodations and modifications for specially abled students and gifted learners. Provide additional support and resources such as small group instruction, tutoring, peer mentoring and remedial programs to help struggling students and challenge advanced learners. Offer opportunities for enrichment and extension activities to extend learning beyond the core curriculum and cater to students' interests and strengths. Collaborate with specific learning needs. | Through-out the year | | | |
| Assessment and feedback. | Design a range of assessment task to measure students' language proficiency, comprehension | Through-out the year | | | |

| | | | | |
|---|---|---|---|---|
| | and writing skills, including formative and summative assessment.<br>use a variety of assessment methods such as test, essays, presentation, performance tasks tasks to assess different aspects of language learning.<br>Provide timely, constructive feedback to students, identifies areas of improvement and suggests strategies for further development. | | | |

മേഖല : അക്കാദമികം    ഉപമേഖല . ഹിന്ദി ഭാഷ ക്ലാസ്സ്തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാല നിർണ്ണയം | ക്ലാസ്സ് 5,6,7 | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം മനസ്സിലാക്കാൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യവാരം | 5, 6, 7 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയ വിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ CWSN, SLOW Learners കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
| 2. | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന, ഭാഷാപോഷിണി പ്രവർത്തനങ്ങൾ. പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തന പാക്കേജ് തയ്യാറാക്കുക. CWSN, SLOW LEARNER കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനെയും മാനസികാവസ്ഥയും കണക്കിലെടുത്തുകൊണ്ട് നടത്താവുന്ന പ്രവർത്തന പാക്കേജ് | ജൂൺ രണ്ടാം വാരം | 5, 6, 7 | ഹിന്ദി അധ്യാപകർ, മറ്റ് ഭാഷാധ്യാപകർ | |
| 3 | ഓരോ ക്ലാസ്സിലും ദിവസവും ഹിന്ദി വായിപ്പിക്കുക, ദൈനംദിന വാക്കുകൾ ഹിന്ദിയിൽ പരിശീലിപ്പിക്കുക, ഹിന്ദിയിൽ കളും. അന്ന് എന്നിവയുടെ ദൈനംദിന പ്രവർത്തനം. | പ്രതിദിനം | 5, 6, 7 | ഹിന്ദി അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| A | | | | | |
| A. | CWSN, SLOW LEARNERS കുട്ടികൾക്കായി പ്രത്യേകം പസിലുകൾ ICT ഉപയോഗിച്ച് പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ അവസരം. | അധ്യാപകർ ഒരുക്കുന്നു | 5, 6, 7 | ഹിന്ദി അധ്യാപകർ | |
| 5 | ഹിന്ദിയിലുള്ള സാഹിത്യരൂപം, അതായ കഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക | അധ്യാപകർ ഒരുക്കുന്നു | 5, 6, 7 | ഹിന്ദി അധ്യാപകർ | |
| 6 | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക. ഹിന്ദി അസംബ്ലി നടത്തുക. | ദിനാചരണവുമായി ബന്ധപ്പെട്ട് | 5, 6, 7 | ഹിന്ദി അധ്യാപകർ | |
| 7 | കുട്ടികളെക്കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | | | | |
| 8 | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ കേൾപ്പിക്കുക, ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 5, 6, 7 | ഹിന്ദി അധ്യാപകർ ക്ലാസ് അധ്യാപകർ മറ്റ് അധ്യാപകർ | |
| 9. | ഹിന്ദി അറിയാവുന്നവരുമായി ബന്ധപ്പെടാനുള്ള അവസരം ഹിന്ദി ഷോകളും വെബ്‌സീരീസ്, സിനിമ കാണാനുള്ള അവസരം. വാർത്തകൾ കാണാനുള്ള അവസരം. | 6 മാസം | 5, 6, 7 | ഹിന്ദി അധ്യാപകർ മറ്റ് അധ്യാപകർ | |
| 10 | കുട്ടികൾക്ക് മാനസികോല്ലാസം നൽകുന്നതിനൊപ്പം AI ഉപയോഗിച്ച് ഭാഷയെ ഉൾക്കൊള്ളാനും (ഭാഷ) പഠനം എളുപ്പമാക്കാനുള്ള | 6 മാസം | 5, 6, 7 | ഹിന്ദി അധ്യാപകർ മറ്റ് അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| 4. പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | * ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ് വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ വിശദമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നു. അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ demonstration ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ | | |
| 5. സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെ ട്രാഫിക് പോലീസിന്റെ സഹായത്തോടെ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | വിവരവിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ. | | |
| 6. സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു. | പരിസ്ഥിതി ചർച്ചയ്ക്ക് കാരണമാകുന്ന മനുഷ്യന്റെ ഇടപെടലുകൾക്ക് വിധേയമായവ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | | |
| 7 സാമൂഹ്യശാസ്ത്ര വിഷയങ്ങളിലൂടെ പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു | മത്സരപ്പരീക്ഷകളിലെ പൊതു വിജ്ഞാനം വളർത്താൻ സഹായിക്കുന്ന ചോദ്യോത്തര മേളകൾ ക്ലാസിൽ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | | | |

UP- Social Science - Academic Master plan.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ ഇവ പഠിതാക്കൾ നേടിയെടുക്കൽ | * സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ, അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് പ്രീ-ടെസ്റ്റുകൾ ഓരോ പഠിതാവിനും നൽകുന്നു.<br>* അന്തർദേശീയ തലം മുതൽ ജില്ലാതലം വരെയുള്ള സ്ഥലങ്ങൾ ഭൂപ്രകൃതി, സ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആധുനിക ICT സാധ്യതകളുപയോഗിച്ച് ചർച്ച നടത്തുന്നു. | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 2. പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക | * ICT സാധ്യതകളുപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 3. ജനാധിപത്യ മൂല്യ ജീവിതത്തിലൂടെ ഉറപ്പിക്കുന്നു. | * ലോക്സഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ | അക്കാദമിക വർഷാരംഭം. | സാമൂഹ്യശാസ്ത്ര അധ്യാപകർ |

## അക്കാദമിക മാസ്റ്റർ പ്ലാൻ - UP (2025-26)

### മേഖല - അടിസ്ഥാന ശാസ്ത്രം.

| | ലക്ഷ്യങ്ങൾ. | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1. | 5,6,7 ക്ലാസ്സുകളിൽ പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠനനേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക. | • 5,6,7 ക്ലാസ്സുകളിലെ മുഴുവൻ പാഠഭാഗങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ |
| | | • നിരന്തര മൂല്യനിർണ്ണയത്തിനാവശ്യമായ ടൂളുകൾ, യൂണിറ്റ് ടെസ്റ്റുകൾ എന്നിവ നടത്തുന്നു. | " | |
| | | • പരീക്ഷണക്കളരി - നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസ്സുകൾ ആരംഭിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ്ക്ലബ്ബ് |
| 2. | ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | • ഊർജ്ജ ക്ലബ്ബ്, ആരോഗ്യക്ലബ്ബ്, ശാസ്ത്രക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു.<br>• ശാസ്ത്ര പരീക്ഷണങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള സയൻസ് ഹബ്ബ്<br>• കുട്ടിക്കൊരു ശാസ്ത്രകിറ്റ്<br>• സ്കൂൾ ലാബ് ശാക്തീകരണം, വിഭവശേഖരണം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ് സയൻസ്ക്ലബ്ബ് ഹെൽത്ത്ക്ലബ്ബ്. |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്ര സർഗാത്മകതക്കുള്ള അവസരങ്ങൾ ലഭ്യമാക്കുക. | • വിദഗ്ധരെ പങ്കെടുപ്പിച്ചു കൊണ്ടുള്ള ക്ലാസുകൾ<br>• ശാസ്ത്രനാടകങ്ങൾ • ദിനാചരണങ്ങൾ • ക്വിസ് മത്സരങ്ങൾ<br>• ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പതിപ്പുകൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു.<br>• ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു.<br>• കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ശാസ്ത്രമാസികകൾ ലഭ്യമാക്കുന്നു. | അക്കാദമിക വർഷം | സയൻസ് ക്ലബ്ബ് ശാസ്ത്രാധ്യാപകർ |
| ശാസ്ത്രരംഗത്തെ നൂതന അറിവുകൾ ആധുനിക ശാസ്ത്രസാങ്കേതികവിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക | ICT യുടെ സഹായത്തോടെ ശാസ്ത്രവിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | " | ശാസ്ത്രാധ്യാപകർ. |
| കാർഷികവൃത്തിയോട് ആഭിമുഖ്യം വളർത്തുന്നു. | • പാഠഭാഗവുമായി ബന്ധപ്പെട്ട പച്ചക്കറിത്തോട്ട നിർമ്മാണം.<br>• ഫീൽഡ് ട്രിപ്പുകൾ. | " | ശാസ്ത്രാധ്യാപകർ |
| പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | • ഇൻസ്പയർ അവാർഡ് പ്രോഗ്രാമിൽ കുട്ടികളെ പങ്കെടുപ്പിച്ച് പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. | " | ശാസ്ത്രാധ്യാപകർ |

# ACADEMIC MASTER PLAN UP - MATHS

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിത ശേഷികൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശില്പശാല. കളികളിലൂടെ അടിസ്ഥാന ശേഷികൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നല്കുന്നു. (നമ്പർ കാർഡ്, മുത്തുകൾ, മുത്തുകൾ, ഫ്ലാഷ് കാർഡ്.... ഉപയോഗിക്കുന്നു) | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2. രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | ഒറിഗാമി ശില്പശാല ജപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നല്കൽ. നിറമുള്ള ഗണിത സവിശേഷതകൾ പഠിക്കപ്പെടുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | ICT ഉപയോഗപ്പെടുത്തി കുട്ടികൾക്ക് ക്ലാസ് നല്കുന്നു. ജ്യാമിതീയ രൂപങ്ങൾ, ചതുഷ്കങ്ങൾ ഇതുപോലുള്ള പ്രവർത്തനങ്ങൾ എളുപ്പത്തിൽ നല്കാൻ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം. | ഗണിത അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 4. ഗണിതത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ മുൻ നിരയിൽ ഉയർത്തുന്നു. | ഗണിത ക്ലിനിക്ക്<br>ഗണിതത്തിൽ പിന്നോക്കം നില്ക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻ നിരയിൽ നില്ക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നല്കുന്നു. | ആഴ്ചയിൽ ഒരു പീരിയഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും | |
| 5. വിവിധ ശേഷികളുടെ വികസനം. | ദിനാചരണം<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG-യിൽ ഉൾപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

# അക്കാദമിക് മാസ്റ്റർപ്ലാൻ

## ആരോഗ്യകായിക വിദ്യാഭ്യാസം - UP

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|
| *ആരോഗ്യ-കായിക വിദ്യാഭ്യാസം. | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും Zumba dance, Aerobics, Yoga, Mass PT പരിശീലനം. | | കായികാധ്യാപിക | - | കായികക്ഷമതയും ആനന്ദവും വ്യക്തിവികസനവും ലക്ഷ്യം വെയ്ക്കുന്നു |
| *ലഹരി-വിരുദ്ധ പ്രവർത്തനങ്ങൾ | - അന്താരാഷ്ട്ര യോഗദിനം, ദേശീയ കായികദിനം, സംസ്ഥാന കായികദിനം എന്നിവ ആചരിക്കുന്നു.<br>- പാഠഭാഗങ്ങൾ പഠിപ്പിക്കുന്നു, അതുമായി ബന്ധപ്പെട്ട ലൈനർ ഗെയിംസും കുട്ടികൾക്കായി നടത്തുന്നു. | June to March | സ്പോർട്സ് ക്ലബ്ബ് | - | - കായികമേഖലയിലെ ദിനാചരണങ്ങളുടെ പ്രാധാന്യം ഉൾക്കൊള്ളുന്നു<br>ആരോഗ്യവും ആനന്ദവും കളികളിലൂടെ. |
| *കുട്ടികളിലെ കായികക്ഷമതയും പ്രകടനമികവും. | - Athletics മത്സരങ്ങളും ഗെയിംസ് മത്സരങ്ങളും സംഘടിപ്പിക്കുകയും മികവു തെളിയിച്ച എല്ലാ കുട്ടികൾക്കുമായി പരിശീലനവും നടത്തുന്നു<br>- കായികക്ഷമത ടെസ്റ്റ് നടത്തുന്നു | | സ്കൂൾ<br>PTA | വിദ്യാലയ വികസന സമിതി, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ | - കുട്ടികളിലെ കായികശേഷികൾ തിരിച്ചറിഞ്ഞ് മികവുറ്റവരാക്കി മാറ്റുന്നു. സബ്ജില്ല, ജില്ല, സംസ്ഥാന തലങ്ങളിലേക്ക് തയ്യാറാക്കുന്നു.<br>- പുതിയ കായികതാരങ്ങളെ കണ്ടെത്തുക. |

# മേഖല - ഹൈസ്കൂൾ - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരമുറപ്പിക്കൽ<br>3. ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ പൂരിപ്പിക്കൽ<br>6. വാക്കുകൾ നിർമ്മിക്കൽ<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രം - അടിക്കുറിപ്പ്<br>9. ചിത്രം - കഥയെഴുതൽ<br>10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ്. | 2 മാസം (ജൂൺ, ജൂലൈ) | പുസ്തകങ്ങൾ, ചിത്രങ്ങൾ | |
| 2. കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ.<br>2. സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>3. സമീപ ഗ്രന്ഥശാല അംഗത്വം<br>4. വായനോത്സവം, പത്രവായന, പുസ്തകചർച്ച<br>5. വായനാനുഭവം, വായനക്കുറിപ്പ്, പതിപ്പ്.<br>6. വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം<br>7. ദിനാചരണം<br>8. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം<br>9. ആസ്വാദകരമായ വായന - വായന | 6 മാസം | ക്ലാസ്സ് ലൈബ്രറി സ്കൂൾ ലൈബ്രറി പത്രങ്ങൾ ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഇന്റർനെറ്റ്, കമ്പ്യൂട്ടർ. | |

| | | | |
|---|---|---|---|
| 3. കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | 1. എഴുത്തുകൂട്ടം രൂപീകരണം<br>2. പുസ്തക ചർച്ച<br>3. വായനക്കുറിപ്പ്, ചമിപ്പ്.<br>4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ<br>5. ചുവർ പത്രിക<br>6. സർഗ്ഗ സൃഷ്ടികളുടെ പുസ്തകം തയാറാക്കൽ<br>7. വ്യക്തിഗത രചന, സംഘരചന<br>8. രേഖാ പ്രൊജക്ട്<br>9. സാഹിത്യ-സാംസ്കാരിക ചിത്ര ഗ്യാലറി | 6 മാസം | ലൈബ്രറി, പുസ്തകങ്ങൾ, ഫോട്ടോകൾ |
| 4. സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക. | 1. പ്രസംഗ പരിശീലന കളരി<br>2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയാറാക്കുക.<br>3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ, വീഡിയോ എന്നിവ കേൾപ്പിക്കുന്നു.<br>4. പ്രസംഗം അവതരിപ്പിക്കുന്നതിനു ഉള്ള വേദികൾ സജ്ജമാക്കുക. | 6 മാസം | ഓഡിയോ, വീഡിയോ |

# Academic Master Plan - 2025 - 2026
## English

| Aims and Objectives | Activities | Period | Responsibility | Aid |
|---|---|---|---|---|
| 1. To make the students able to communicate confidently | English Assembly<br>English corner<br>Story time<br>English cartoon | Academic year | English teachers | |
| 2. Enable participants to articulate their thoughts in English | Role play<br>English Day<br>Choreography | Class room activities<br>Academic year | English teachers | |
| 3. Equip learners for independent Reading and writing | Word card, story writing, Speech, English Newspaper Reading<br>Prepare Newsreport<br>My Diary | Assembly<br>Class room activity | English teachers | |
| 4. To enable students for poetry recitation and poetry writing | Appreciation. Competitions for poetry recitation and poetry writing. | Academic year | English teachers | |
| | Book reviews<br>Class Magazines | Academic year | English teachers | |

| Aims and Objectives | Activities | Period | Responsibility | Aid |
| --- | --- | --- | --- | --- |
| 5. Organise Debate | By providing relevant topics, encourage them to conduct debates | Academic year | English teachers | |

മൈക്രോപ്ലാൻ - ഹിന്ദി 2025-2026

| लक्ष्य | गतिविधियाँ | समय | सहायक सामग्री | दायित्व |
|---|---|---|---|---|
| बच्चों की भाषा कौशल को उन्नत करना | • अक्षरमाला<br>• मात्राएँ समझाना<br>• अक्षरों वाले कार्ड<br>• शब्दों वाले कार्ड<br>• नए शब्द बनाना<br>• वाक्यों में प्रयोग करना<br>• चित्र-वाचन<br>• सूचनानुसार लघुकथा लेखन<br>• अतिरिक्त भाषा कौशल बढ़ाने योग्य वर्ग-क्लब | दो महीने (जून और जुलाई) | पुस्तक, चित्र, कार्ड | पाठ्य संबंधित अभ्यास द्वारा बच्चों को उत्कृष्ट बनाएँ |
| हिन्दी भाषा पढ़ने के कौशल में सुधार करने के लिए- | • सुरीली हिन्दी महोत्सव के निर्देशानुसार बच्चों को अतिरिक्त वाचन के लिए कथा, कविता, यात्रानुभव जैसे विधाओं से चर्चा, पढ़ने को उत्सव मनाना।<br>• बच्चों को जीवनी पढ़ने के लिए प्रेरित करें<br>• भाषण, नारा आदि बनाना<br>• गीत सुनाना<br>• प्रश्नोत्तरी चलाना | तीन महीने (अगस्त, सितंबर, अक्तूबर) | पुस्तक, चित्र, वीडियो जैसे सूचना प्रौद्योगिकी | सुरीली-वाणी नामक रेडियो में अवतरण<br><br>पाठ संबंधित अभ्यास लक्ष्यानुसार जारी रखें |
| हिन्दी भाषा लिखने के कौशल में सुधार करने के लिए - | • हिन्दी सुलेख प्रतियोगिताएँ<br>• हिन्दी में संबन्धित कथा या लेख लिखें<br>• पोस्टर बनाना<br>• पत्र रचना | | | |

| लक्ष्य | गतिविधियाँ | समय | सहायक सामग्री | दायित्व |
|---|---|---|---|---|
| | सुरीली संचिका का हस्तलेख प्रति तैयार करना - | 3 महीने नवंबर, दिसंबर, जनवरी | पुस्तक, इंटरनेट, कंप्यूटर | सुरीली महोत्सव संचालन व सुरीली संचिका उद्घाटन |
| •बच्चों को कार्यक्रम संचालित करने में कुशल बनना। बच्चों को परीक्षा में उत्कृष्ट बनाएँ। | नाटक मंचन प्रश्नोत्तरी संचालन कवितालापन, किसी कार्यक्रम की मजेबानी करें। सुगमा हिन्दी परीक्षा जैसे पाठ्यनुक्रम सहायक परीक्षा का संचालन | 2 महीने फरवरी मार्च | पुस्तक, चित्र, इंटरनेट | स्कूल वार्षिक, जैसे कार्यक्रम में भाग देना और पढ़ने या सीखने में सहायक रहना। |

# Master plan H.S Social Science

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക. | ചരിത്ര പ്രാധാന്യമുള്ള സ്മാരകങ്ങൾ സന്ദർശിക്കുന്നു | ജൂൺ. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | സ്കൂൾ, കുട്ടികൾ സുമനസ്സുകൾ. |
| ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക. പൗരബോധം, മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെന്റ്, മോക്ക്-പാർലമെന്റ്, പൗരബോധം, സാമൂഹ്യസേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകർ. | സ്കൂൾ. |
| ഭൂപട വായന കുട്ടികളിൽ വളർത്തുക. സ്ഥലം നിർണ്ണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | ഭൂമിശാസ്ത്ര പരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്ന അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബുകൾ എന്നിവയുടെ നിർമ്മാണത്തിലൂടെ ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ. | സാമൂഹ്യശാസ്ത്ര ക്ലബ്. |
| കുട്ടികളിൽ ഉന്നതനിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനമേഖല പരിപോഷിപ്പിക്കുന്ന ക്വിസ് മത്സരങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക. | സെപ്തംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ. | സാമൂഹ്യശാസ്ത്ര ക്ലബ്. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യത്യസ്തയിനം മണ്ണിനെ കുറിച്ചും ജലാശയങ്ങളെ കുറിച്ചും കാടുകൾ, സമുദ്രങ്ങൾ, പർവതങ്ങൾ എന്നിവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | ഈ ലക്ഷ്യങ്ങളുമായി ബന്ധപ്പെട്ട പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | ഒക്ടോബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| മതേതരത്വം, സ്വാതന്ത്ര്യം എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. | Project, ചർച്ചകൾ, സംവാദം, അഭിമുഖങ്ങൾ, Role play എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | നവംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| ചരിത്ര നേതാക്കൾമാർ, സ്വാതന്ത്ര്യസമര നേതാക്കൾ എന്നിവരെ പരിചയപ്പെടുത്തുക. | സിനിമ പ്രദർശനം | ഡിസംബർ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യശാസ്ത്ര ക്ലബ് |
| സാമൂഹ്യ ശാസ്ത്ര വിഷയത്തിലൂടെ പഠിതാക്കളെ ഉന്നത ജോലി നിലവാരത്തിലേക്ക് എത്തിക്കുന്ന | സിവിൽ സർവ്വീസ് പരീക്ഷകളെഴുതാൻ പ്രാപ്തിനേടും വിധം അറിവിന്റെ മാസ്മരികലോകം സൃഷ്ടിക്കുന്നു, ഉയർന്ന ബുദ്ധി ബോധ | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉത്തരങ്ങൾ നിമിഷനേരം കൊണ്ടുന്ന രീതിയിലൂടെ ചോദ്യോത്തരവേളകൾ, ക്വിസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നു. | ജനുവരി | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുന്നു. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ചിത്രങ്ങളടങ്ങിയ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേനയുടെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുക. | ഫെബ്രുവരി | സാമൂഹ്യശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| | വാർഷിക പരീക്ഷ | മാർച്ച് | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## — ഭൗതിക ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രപഠനത്തിലൂടെ കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള അവതരണം. ബോധന സാമഗ്രികൾ തയ്യാറാക്കൽ ടെസ്റ്റ് പേപ്പർ, മൂല്യനിർണ്ണയം | 1 വർഷം | ശാസ്ത്രഅധ്യാപകർ |
| ശാസ്ത്രത്തിന്റെ നൂതന അറിവുകളും ചുറ്റുമുള്ള ശാസ്ത്രീയ അവബോധം വളർത്തുക. | സയൻസ് ക്ലബ്ബ് രൂപീകരണം | ജൂൺ | ശാസ്ത്രഅധ്യാപകർ |
| ശാസ്ത്ര ദിനാചരണങ്ങളുടെ ഭാഗമായി കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുക | ശാസ്ത്ര ദിനാചരണങ്ങൾ | 1 വർഷം | സയൻസ് ക്ലബ്ബ് ശാസ്ത്രഅധ്യാപകർ |
| പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ | സ്കൂൾ കെട്ടിടത്തിന് മുകളിൽ സൗരോർജ്ജ പാനൽ സ്ഥാപിച്ച് സ്കൂളിനാവശ്യമുള്ള വൈദ്യുതി ലഭ്യമാക്കൽ | | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രമേളകളിൽ പൂർണ്ണപങ്കാളിത്തം ഉറപ്പ് വരുത്തൽ | മേളകളിൽ പങ്കെടുത്ത കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകുക | 1 വർഷത്തിൽ കൂടുമ്പോൾ | സയൻസ് ക്ലബ്ബ് സയൻസ് അധ്യാപകർ |
| ശാസ്ത്ര ലാബ് നവീകരണം | വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം പ്രത്യേകം സജ്ജീകരിക്കൽ | 1 മാസം. | സയൻസ് അധ്യാപകർ |
| ശാസ്ത്ര മാസിക തയ്യാറാക്കൽ | കുട്ടികൾ തയ്യാറാക്കിയ ശാസ്ത്രസംബന്ധമായ അറിവുകൾ, ലേഖനങ്ങൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രപതിപ്പ് തയ്യാറാക്കൽ | വർഷത്തിൽ ഒരുതവണ | സയൻസ് ക്ലബ്ബ് മെംബേഴ്സ് സയൻസ് അധ്യാപകർ |
| പഠനോത്സവം | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട് കുട്ടികൾ തയ്യാറാക്കിയ വിവിധ പഠന സാമഗ്രികളുടെ പ്രദർശനം | ഫെബ്രുവരി | |
| | | | |

## അക്കാദമിക മാസ്റ്റർ പ്ലാൻ - രസതന്ത്രം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ശാസ്ത്രപഠനത്തിലൂടെ കുട്ടികൾ നേടിയ മുന്നറിവുകൾ കണ്ടെത്തി, അടിസ്ഥാന ശേഷികളുണ്ടെന്ന് ഉറപ്പുവരുത്തുക. കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക. | ആസൂത്രണം, പരിഹാര ബോധനത്തിനായി കുട്ടികളുടെ ഗ്രൂപ്പിംഗ്, ബോധന സാമഗ്രികൾ തയ്യാറാക്കൽ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള അവതരണം. * ടെസ്റ്റ് പേപ്പർ, മൂല്യനിർണ്ണയം * പഠനപിന്നാക്കാവസ്ഥയുള്ളവർക്ക് അധികസമയ വിനിമയം | 1 വർഷം | ശാസ്ത്ര അധ്യാപകർ |
| ശാസ്ത്രത്തിന്റെ നൂതന അറിവുകൾ പുതുക്കി പുതിയ അറിവുകൾ കൂട്ടിച്ചേർത്തു, ശാസ്ത്രീയ അവബോധം വളർത്തുക. | Science club, Eco club രൂപീകരണം. | ജൂൺ | ശാസ്ത്ര അധ്യാപകർ |
| രസതന്ത്രത്തിന് നിത്യജീവിതത്തിലുള്ള പ്രാധാന്യം കുട്ടികൾക്ക് മനസ്സിലാക്കിക്കൊടുക്കാൻ അവസരമുണ്ടാക്കുക. | വിദ്യാലയ പരിസരം, വീട് എന്നിവയെ അടുത്തറിഞ്ഞ്, രസതന്ത്ര വശം കുട്ടികൾ മനസ്സിലാക്കുന്നു. | 1 വർഷം | ശാസ്ത്ര അധ്യാപകർ. |

| | | | |
|---|---|---|---|
| ശാസ്ത്രലാബ് നവീകരണം | വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും സജ്ജീകരിക്കൽ | 1 മാസം | ശാസ്ത്ര അധ്യാപകർ |
| ശാസ്ത്ര ദിനാചരണങ്ങളുടെ ഭാഗമായി കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക. | ശാസ്ത്രദിനാചരണങ്ങൾ | 1 വർഷം | സയൻസ് ക്ലബ് ശാസ്ത്ര അധ്യാപകർ |
| ശാസ്ത്രമേളകളിൽ ഉയർന്ന പങ്കാളിത്തം ഉറപ്പ് വരുത്തൽ | മേളകളിൽ കുട്ടികളുടെ പരമാവധി പങ്കാളിത്തം ഉറപ്പ് വരുത്തുക. അവരെ പരമാവധി പ്രോത്സാഹനം നൽകുക | 1 വർഷം | സയൻസ് ക്ലബ് അധ്യാപകർ |
| ശാസ്ത്രമാസിക തയ്യാറാക്കൽ | ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ കഥ കവിത ഇടങ്ങിയവ ഉൾപ്പെടുത്തി ശാസ്ത്രപതിപ്പ് തയ്യാറാക്കൽ | | സയൻസ് ക്ലബ് മെമ്പേഴ്സ് സയൻസ് അധ്യാപകർ |
| പഠനോത്സവം | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട് ഒരു വർഷം കുട്ടികൾ തയ്യാറാക്കിയ പഠന സാമഗ്രികൾ പ്രദർശിപ്പിക്കുന്നു | ഫെബ്രുവരി. | ″ |

# അക്കാദമിക മാസ്റ്റർ പ്ലാൻ – ജീവശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. എല്ലാ കുട്ടികളിലും ശാസ്ത്രപഠനത്തിലൂടെ മുൻ ക്ലാസ്സുകളിൽ നേടേണ്ട അടിസ്ഥാനശേഷികളുണ്ടെന്ന് ഉറപ്പുവരുത്തുക. | * അനുരൂപണം, പരിഹാര ബോധനത്തിനായി പഠന ഗ്രൂപ്പിംഗ്, ബോധന സാമഗ്രികൾ തയ്യാറാക്കൽ. <br> * ടെസ്റ്റ് പേപ്പർ, മൂല്യനിർണയം <br> * പഠന പിന്നാക്കാവസ്ഥയുള്ളവർക്ക് അധികസമയ പിന്തുണ. | ജൂൺ | ജീവശാസ്ത്രാധ്യാപകർ. |
| 2. ശാസ്ത്രത്തിന്റെ നൂതന അറിവുകളെ അപ്ഡേറ്റ് ചെയ്യലും, ശാസ്ത്രാവബോധം വളർത്തലും | * Science club, Eco club രൂപീകരണവും, പ്രവർത്തന പദ്ധതി തയ്യാറാക്കലും | ജൂൺ | " |
| 3. ശാസ്ത്രലാബിന്റെ നവീകരണം. | * വിവിധ ഉപകരണങ്ങൾ, Chart, Model എന്നിവ ഇനം തിരിച്ച് ക്രമീകരിക്കൽ | ജൂൺ | " |
| 4. അന്യമായിക്കൊണ്ടിരിക്കുന്ന കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ, പ്രകൃതിയെയും പ്രകൃതിവിഭവങ്ങളെയും അടുത്തറിയുന്നതിനുള്ള അവസരമൊരുക്കൽ. | * School Campus-ൽ പച്ചക്കറി, ഔഷധത്തോട്ടം <br> * Science park ന്റെ നവീകരണം. | ഒരു വർഷം | " |
| 5. മാലിന്യ-മുക്ത ആരോഗ്യ ശുചിത്വ വിദ്യാലയത്തിലൂടെ ആരോഗ്യമുള്ള സമൂഹം വളർത്തുക. <br> * എന്റെ വിദ്യാലയം ഹരിതവിദ്യാലയം | * പരിസര ശുചീകരണം <br> * ശുചിത്വ ബോധവൽക്കരണം <br> * ആരോഗ്യ ക്ലാസ്സുകൾ <br> * ആരോഗ്യ സർവ്വേ <br> * പ്ലാസ്റ്റിക് വസ്തുക്കളുടെ ഒഴിവാക്കലും, പ്രകൃതി നിർമ്മിത വസ്തുക്കളുടെ ഉപയോഗവും. | ഒരു വർഷം | " |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 6. ശാസ്ത്രാഭിരുചി ഉളവാക്കൽ - ശാസ്ത്രോത്സവം. | * ശാസ്ത്രമേള<br>* ലഘു പരീക്ഷണങ്ങൾ<br>* Chart, Model, Science Quiz<br>* ശാസ്ത്രദിനാചരണങ്ങൾ<br>* ശാസ്ത്രപഠനയാത്രകൾ | അധ്യയന-വർഷത്തിൽ | ജീവശാസ്ത്രാധ്യാപകർ |
| 7. ശാസ്ത്രപ്രതിഭകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകൽ. | * ശാസ്ത്ര വിദഗ്ധരുമായുള്ള അഭിമുഖം.<br>* ശാസ്ത്ര കേന്ദ്രങ്ങൾ സന്ദർശിക്കൽ.<br>* ശാസ്ത്ര സ്കോളർഷിപ്പുകൾ - യഥാസമയം | ആഗസ്റ്റ് സെപ്റ്റംബർ | " |
| 8. ശാസ്ത്ര പഠനത്തിന് നൂതന ശാസ്ത്ര-സാങ്കേതിക സംവിധാനങ്ങൾ (ICT) | * പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡിയോ, അനിമേഷൻ എന്നിവ ശേഖരിച്ച് പാഠാവതരണത്തിനും, ആശയവിനിമയത്തിനായി ഉപയോഗിക്കൽ.<br>* Slide നിർമ്മാണം. | എല്ലായ്‌-പ്പോഴും | " |
| 9. പഠനോത്സവം. | * പഠനവുമായി ബന്ധപ്പെട്ട് കുട്ടികൾ തയ്യാറാക്കിയ വിവിധ പഠനവിഭവങ്ങളുടെ പ്രദർശനം. | ഫെബ്രു-വരി | " |

# ACADEMIC MASTER PLAN - MATHEMATICS [HS]

## 2025 - 2026.

| MONTH | ACADEMIC FOCUS | | | NON-ACADEMIC HIGHLIGHTS |
|---|---|---|---|---|
| | VIII | IX | X | |
| JUNE | ചതുഷ്ക്രിയ അവബോധ പരിശോധനവും പരിഹാരബോധനവും, വർഗങ്ങൾ, തുല്യത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ്, പരിഹാരബോധനം. | ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാരബോധനവും, സമവാക്യ ജോഡികൾ, ദശാംശരൂപങ്ങൾ. ക്ലാസ് ടെസ്റ്റ്. പരിഹാരബോധനം. | ചതുഷ്ക്രിയ അവബോധ പരിശോധനവും പരിഹാരബോധനവും, സമാന്തരശ്രേണികൾ, വൃത്തങ്ങളും കോണുകളും, ക്ലാസ് ടെസ്റ്റ് പരിഹാരബോധനം | * ക്ലബ് ഉദ്ഘാടനം. * ഗണിത തിരുവാതിര * Geometrical pattern |
| JULY | തുല്യത്രികോണങ്ങൾ, വർഗസമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ്, പരിഹാരബോധനം | പുതിയ സംഖ്യകൾ, ത്രികോണ പരപ്പ്, സമാന്തരവരകൾ, ക്ലാസ് ടെസ്റ്റ്, പരിഹാരബോധനം. | വൃത്തങ്ങളും കോണുകളും, സമാന്തരശ്രേണികളും, ബീജഗണിതവും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ്, പരിഹാരബോധനം. | * ഗണിതമേളയുമായി ബന്ധപ്പെട്ട വർക്കുകൾ * Maths Quiz |
| AUGUST | ബഹുപദങ്ങൾ, സമവാക്യപരിഹാരം, ഒന്നാം പാദവാർഷിക പരീക്ഷ | ഗുണന സമവാക്യങ്ങൾ, അഭിന്നക ഗുണനം, ഒന്നാം പാദവാർഷിക പരീക്ഷ. | രണ്ടാംകൃതി സമവാക്യങ്ങൾ, ത്രികോണമിതി. ഒന്നാം പാദവാർഷിക പരീക്ഷ. | * Maths Talent Test * ഗണിത മാഗസിൻ |
| SEPTEMBER | പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ് and പരിഹാരബോധനം. | അഭിന്നക ഗുണനം സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് and പരിഹാരബോധനം. | ത്രികോണമിതി, സൂചക സംഖ്യകൾ, ക്ലാസ് ടെസ്റ്റ് and പരിഹാരബോധനം. | * School ഗണിതമേള * Sep-5 - Teacher's Day. |

| MONTH | ACADEMIC FOCUS | | | NON ACADEMIC HIGHLIGHTS |
|---|---|---|---|---|
| | VIII | IX | X | |
| OCTOBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് and പരിഹാര ബോധനം. | വൃത്തങ്ങൾ, വൃത്തങ്ങളുടെ അളവുകൾ, ക്ലാസ് ടെസ്റ്റ് & പരിഹാരബോധനം | Vol. II പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ് and പരിഹാര ബോധനം. | * Sub-Jilla ഗണിതമേളക്ക് കുട്ടികളെ സജ്ജമാക്കുക. * Maths Puzzle Day. |
| NOVEMBER | Vol. II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്, പരിഹാര ബോധനം | രേഖീയ സംഖ്യകൾ ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം. | Vol II പാഠഭാഗങ്ങൾ, Class Test and പരിഹാര ബോധനം. | Nov-4 – ശകുന്തളാദേവി * ഗണിതമേള |
| DECEMBER | Vol II പാഠഭാഗങ്ങൾ അർദ്ധ വാർഷിക പരീക്ഷ | വൃത്തഭാഗങ്ങൾ അർദ്ധവാർഷിക പരീക്ഷ | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്, അർദ്ധ വാർഷിക പരീക്ഷ. | ദേശീയ ഗണിതദിനം Dec-22. |
| JANUARY | Vol II പാഠഭാഗങ്ങൾ ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദചിത്രങ്ങൾ, അനുപാതം ക്ലാസ് ടെസ്റ്റ് and പരിഹാര ബോധനം. | റിവിഷൻ | Poster making |
| FEBRUARY | Vol. II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & റിവിഷൻ | അനുപാതം, സ്ഥിതിവിവരക്കണക്ക്, ക്ലാസ് ടെസ്റ്റ്, റിവിഷൻ | റിവിഷൻ മോഡൽ പരീക്ഷ | π – ചരിത്രം – പ്രയാണം. |
| MARCH | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | * SSLC വിദ്യാർത്ഥികൾക്ക് തിരിഞ്ഞുനോട്ടം. |
| | | | | |

x ———————— x

## 2025-2026 H. S. Health & Phy. Edu. Accademic Master plan

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| • കായിക മാനസിക വളർച്ച<br>• പൂർണ്ണ വ്യക്തിത്വ വികസനം<br>• കുട്ടികളുടെ കായിക മികവ് കണ്ടെത്തുന്നു.<br>• വ്യക്തി ശുചിത്വ സംസ്കാരം. | വ്യക്തി ശുചിത്വം. ആരോഗ്യം ഇതിന്റെ ആവശ്യബോധം കുട്ടികളിൽ പരിപോഷിപ്പിക്കുന്നു.. കായിക മാനസിക ഉല്ലാസത്തിന് Zumba Dance, Aerobics Yoga, Mass PT exercise എന്നിവ കുട്ടികൾക്ക് ഉറപ്പുവരുത്തുന്നു.<br>ദിനാചരണങ്ങൾ നടത്തി പ്രാധാന്യം മനസിലാക്കുന്നു. | June /10 March | play Ground.<br>Text Book<br>Digital classroom<br>Jumping pit | Teachers<br>PET |
| • Athletics Games. മികവ് കണ്ടെത്തി Sub Dist. District, State തലത്തിൽ എത്തിക്കുന്നു | പാഠഭാഗം പഠിപ്പിച്ച് Exam നടത്തി. മൂല്യനിർണ്ണയം നടത്തുന്നു.<br>Games, Athletics മത്സരങ്ങൾ നടത്തി. Sub District, District, State തലത്തിൽ എത്തിക്കുന്നു.<br>BMI test നടത്തുന്നു. | | Sports equipments<br>Basket Ball<br>chess Board<br>shuttle bat<br>Ball Badminton ball<br>Ball etc. | |
| ശാരീരിക മാനസികഉല്ലാസം Yoga, Zumba പരിശീലനം. | Mass PT, yoga, Minor games. recreation games ഇവയിൽ കഴിവ് മികവ്. പങ്കാളിത്തം, Leadership ഇവ ലഭ്യമാകുന്നു. | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ - ആർട്ട് എഡ്യുക്കേഷൻ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | വേണ്ട ചെലവ് |
|---|---|---|---|---|
| • ദിനാചരണങ്ങൾ നടത്തുന്നു.<br>•• കലോത്സവങ്ങൾക്ക് വേണ്ടി കുട്ടികളെ സജ്ജമാക്കുന്നു. | പരിസ്ഥിതി ദിന ഗാനം, പ്രസംഗം, ചിത്രരചന, കവിതാലാപനം എന്നിവ നടത്തുന്നു. വായനാ ദിന ഗാനം, പ്രസംഗം, ഉപന്യാസം ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് കൗൺസിലിംഗ് സ്കൂൾ റേഡിയോയിലൂടെ കേൾപ്പിക്കുന്നു. അതുപോലെ ലോക സംഗീത ദിനവുമായി ബന്ധപ്പെട്ട് ഗാനങ്ങൾ കോർത്തിണക്കുന്നു. | ജൂൺ-ഫെബ്രുവരി | ഹെഡ്മിസ്ട്രസ് കുട്ടികൾ PTA അധ്യാപകർ | ഒരു ആർട്ട് ഗ്യാലറി [illegible] പ്രദർശനത്തിനായി വസ്തുക്കൾ [illegible] വേണ്ടി [illegible] ചാർട്ട് പേപ്പറുകൾ, [illegible] |
| ••• ആർട്സ് ക്ലബ്ബ് വഴി കുട്ടികളുടെ വിവിധങ്ങളായ സർഗ്ഗശേഷികളെ പരിപോഷിപ്പിക്കുന്നു. | ബഷീർ ദിന ഗാനം, ഉപന്യാസം, പ്രസംഗം കഥാപാത്രങ്ങളുടെ പ്രത്യേകതകൾ ഉൾപ്പെടുത്തിയുള്ള അവതരണം. സ്വാതന്ത്ര്യ ദിന ഗാനം, ക്വിസ്, പ്രസംഗം, കവിതാലാപന മത്സരം എന്നിവ സംഘടിപ്പിക്കുന്നു. | ആഗസ്റ്റ്-ജനുവരി | ഹെഡ്മിസ്ട്രസ് കുട്ടികൾ PTA അധ്യാപകർ | കലോത്സവങ്ങൾക്കായി ചിലവുകൾ, ജഡ്ജസ്, പരിശീലകർ [illegible] |
| | അധ്യാപക ദിനത്തിൽ അധ്യാപകരും, രക്ഷാകർത്താക്കളിൽ അധ്യാപകർ ആയിട്ടുള്ളവരുടെയും പ്രത്യേക പരിപാടികൾ ഇതുപോലെ മറ്റ് പ്രവർത്തനം. | സെപ്റ്റംബർ-മാർച്ച് | ഹെഡ്മിസ്ട്രസ് കുട്ടികൾ PTA അധ്യാപകർ | ഏകദേശം 1,0000/- രൂപയോളം [illegible] |

# 2025-26 Work Experience Accademic Master plan

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| കുട്ടിയുടെ സമഗ്ര വികസനം | കൃഷിയെക്കുറിച്ചും ശാസ്ത്രീയ കൃഷി രീതിയെക്കുറിച്ചും കുട്ടികൾക്ക് അറിവ് നൽകുക. | ജൂൺ to ഓഗസ്റ്റ് | പ്രവൃത്തി പരിചയ ക്ലബ് |
| ശുചീകരണം | ആരോഗ്യവും ആരോഗ്യ പരിപാലനവും | June to March | പ്രവൃത്തി പരിചയ ക്ലബ് |
| സ്വയം വരുമാന മാർഗ്ഗം. സ്വയം പര്യാപ്തത. | സ്ക്രീൻ പ്രിന്റിംഗ്, പൂക്കൾ നിർമ്മാണം, അലങ്കാര വസ്തുക്കളുടെ നിർമ്മാണം, ഉപയോഗശൂന്യമായ വസ്തുക്കളുടെ പുനർ നിർമ്മാണം. കീടനാശിനിയുടെ നിർമ്മാണം | June to March | " |

## പ്രതീക്ഷിത നേട്ടങ്ങൾ

- ആധുനിക സൗകര്യങ്ങളോടു കൂടിയ ക്ലാസ്മുറികളും അന്താരാഷ്ട്രനിലവാരമുള്ള സ്കൂളും
- ആധുനിക സൗകര്യങ്ങളോടു കൂടിയ ലാബും ഡിജിറ്റൽ ലൈബ്രറിയും.
- പാഠ്യ, പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ ഉന്നതനിലവാരം പുലർത്തുന്ന കുട്ടികൾ
- മികച്ച പരിശീലനം ലഭിച്ചതും ഉന്നതനിലവാരം പുലർത്തുന്ന അദ്ധ്യാപകർ
- മദ്യം, മയക്കുമരുന്ന്, പ്ലാസ്റ്റിക്, കീടനാശിനികൾ എന്നിവയ്ക്കെതിരെ പോരാടുന്ന വിദ്യാർത്ഥിസമൂഹം
- ജീവിതനൈപുണികൾ ആർജ്ജിച്ചതും ക്ഷമതയുള്ളതുമായ വിദ്യാർത്ഥികൾ
- മാനസികശാരീരിക വ്യക്തിശുചിത്വമുള്ള തലമുറകൾ
- സാമൂഹ്യസേവനം പരിസ്ഥിതിബോധവൽക്കരണം, ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്നിവ കടമയായി കാണുന്ന വിദ്യാർത്ഥി സമൂഹം
- വൈവിധ്യങ്ങളെ ഗുണദോഷവശങ്ങൾ തിരിച്ചറിയുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുന്ന സമൂഹം
- പ്രാദേശിക അറിവുകൾ കണ്ടെത്തുകയും, കൃഷി, മാലിന്യനിർമ്മാർജ്ജനം എന്നിവ സംസ്കാരമായി കാണുന്ന വിദ്യാർത്ഥി സമൂഹം
- നിയമങ്ങൾ അനുസരിക്കുന്നതിൽ അഭിമാനം കൊള്ളുന്ന സമൂഹം

# ഉപസംഹാരം.

കായംകുളം സെന്റ് മേരീസ് ഹൈസ്കൂളിന്റെ അക്കാദമികവും ഭൗതികവും സമഗ്രവുമായ മികവ് ലക്ഷ്യമിട്ടുകൊണ്ട് വിഭാവനം ചെയ്ത പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികളുടെ സമ്പൂർണ്ണ വിദ്യാഭ്യാസ പുരോഗതി സാധ്യമാക്കുന്ന തരത്തിൽ മികവുള്ളതും ഭാവിയോന്മുഖവും ആയ വിദ്യാഭ്യാസം നൽകാൻ ഇവ പ്രവർത്തിപഥത്തിലെത്തുമ്പോൾ സാധ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. സ്കൂൾ മാനേജ്മെന്റിന്റെയും, രക്ഷാകർതൃ സമിതിയുടെയും പൂർവ്വ വിദ്യാർത്ഥികളുടെയും, ഹെഡ്മിസ്ട്രസ്സിന്റെയും അധ്യാപകരുടെയും, വിദ്യാർത്ഥികളുടെയും കൂട്ടായ പ്രവർത്തനം ഓരോ പ്രവർത്തനങ്ങളുടെയും വിജയകരമായ സാക്ഷാത്കാരത്തിനായി ഉണ്ടാകുമെന്ന ആത്മവിശ്വാസത്തോടെ ഉത്സാഹത്തോടെയും ഈ സ്കൂളിന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളായി നിന്ന പൊതു സമൂഹത്തിന്റെ സഹായസഹകരണങ്ങൾ തുടർന്നും ഉണ്ടാകുമെന്ന പ്രതീക്ഷയോടെ ഈ അക്കാദമിക പ്ലാൻ ഉപസംഹരിക്കുന്നു.